# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ:540 **02.07.2014 - ൽ മറുപടിക്ക്**

## വാട്ടർ അതോറിറ്റിയുടെ അദാലത്തുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. വർക്കല കഹാർ | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വാട്ടർ അതോറിറ്റിയുടെ അദാലത്തുകൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (എ) വാട്ടർ അതോറിറ്റിയുടെ കുടിവെള്ള ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ഒരു അദാലത്ത് സംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ട്. |
| (ബി) ഏതെല്ലാം തലത്തിലാണ് അദാല ത്തു കൾ നടത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ ; | (ബി) ജില്ലാ തലത്തിലാണ് അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്. |
| (സി) പരാതികൾ സമർപ്പിക്കാനും അതിനുള്ള പരിഹാരം കാണുവാനും എന്തെല്ലാം സംവിധാനമാണ് പ്രസ്തുത അദാലത്തുകളിൽ ഏർപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളത് ; വിശദമാക്കുമോ ; | (സി) ഉപഭോക്താക്കൾക്ക് അവരുടെ കണക്ഷൻ ഉൾപ്പെടുന്ന ഓഫീസിലാണ് പരാതികൾ സമർപ്പിക്കേണ്ടത്. നിശ്ചിത തീയതിക്കകം കിട്ടുന്ന പരാതികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച്, റിപ്പോർട്ട് തയ്യാറാക്കി അദാലത്ത് ദിവസം അദാലത്ത് കമ്മിറ്റി മുൻപാകെ സമർപ്പിക്കുന്നതും ഈ അദാലത്തുകളിൽ ഉപഭോക്താക്കളുമായി ഒരു മേശക്ക് ചുറ്റുമിരുന്ന് നാളുകളായി പരിഹാരം കാണാതെ കിടക്കുന്ന വെള്ളക്കര കുടിശ്ശികയെ സംബന്ധിച്ചും കണക്ഷനെ സംബന്ധിച്ചും ചർച്ച ചെയ്ത് പരിഹാരം കാണുന്നതും, നിശ്ചിത |

ദിവസത്തിനകം ഒത്തുതീർപ്പാക്കുന്ന തുക അടയ്ക്കുന്നതിന് അനുവദിക്കുന്നതുമാണ്.

| | | | |
|---|---|---|---|
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ട് ; വിശദാംശങ്ങൾ നൽകുമോ? | (ഡി) | അദാലത്ത് നടത്തുന്നതിന് വാട്ടർ അതോറിറ്റി ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതും അംഗീകാരം കിട്ടിയാലുടനെ ഇതു സംബന്ധിച്ച അറിയിപ്പ് മാദ്ധ്യമങ്ങളിലൂടെയും വാട്ടർ അതോറിറ്റിയുടെ വെബ്സൈറ്റ് വഴിയും വാട്ടർ അതോറിറ്റിയുടെ ഓഫീസുകളിലും, അറിയിക്കുന്നതാണ്.<br><br>തുടർന്ന് അപേക്ഷകൾ സ്വീകരിക്കുന്നതിന് സെക്ഷൻ ഓഫീസ് തലത്തിൽ പ്രത്യേക കൗണ്ടറുകൾ തുറക്കുന്നതും ഉപഭോക്താക്കളിൽ നിന്നും പരാതികൾ സ്വീകരിച്ച് രേഖപ്പെടുത്തി നമ്പർ ചെയ്ത് ടോക്കണുകൾ നല്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ